# കാരുണ്യകേരളം

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി

വാർത്താപത്രിക

വാല്യം : 01 ലക്കം : 09 2022 നവംബർ


# സൗജന്യ ചികിത്സയിൽ ഒന്നാമത്: കേരളത്തിന് ദേശീയ പുരസ്കാരം




**ഇന്ത്യയിൽ ആകെ നൽകിയ സൗജന്യ ചികിത്സയിൽ 15 ശതമാനത്തോളം കേരളത്തിൽ**

**മന്ത്രി വീണ ജോർജ് പുരസ്കാരം സ്വീകരിച്ചു**

**മുന്നിൽ കോഴിക്കോട്, കോട്ടയം സർക്കാർ മെഡിക്കൽ കോളേജുകൾ**

**കേ**ന്ദ്ര സർക്കാരിന്റെ 'ആരോഗ്യ മന്ഥൻ 4.0' ൽ ആയുഷ്മാൻ ഭാരത് പ്രധാൻമന്ത്രി ജൻ ആരോഗ്യ യോജന പദ്ധതി (എബി-പിഎംജെഎവൈ) വഴി ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള പുരസ്ക്കാരം കേരളം കരസ്ഥമാക്കി.

സംസ്ഥാനത്തിന്റെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി(കാസ്പ്)ക്കാണ് പദ്ധതി വിനിയോഗത്തിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനത്തിനുള്ള ദേശീയ അംഗീകാരം ലഭിച്ചത്. ഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രി ഡോ.മൻസുഖ് മാണ്ഡവ്യയിൽ നിന്നും സംസ്ഥാന ആരോഗ്യമന്ത്രി വീണ ജോർജ് പുരസ്കാരം സ്വീകരിച്ചു,

പദ്ധതി വിനിയോഗത്തിൽ രാജ്യത്ത് ഏറ്റവും മുന്നിൽ നിൽക്കുന്നത് കോഴിക്കോട്, കോട്ടയം സർക്കാർ മെഡിക്കൽ കോളേജുകളാണ്. മണിക്കൂറിൽ 180 രോഗികൾക്ക് വരെ (ഒരു മിനിറ്റിൽ പരമാവധി മൂന്നു രോഗികൾക്ക്) പദ്ധതിയുടെ ആനുകൂല്യം നൽകാൻ കഴിഞ്ഞതാണ് കേരളത്തെ ഈ പുരസ്ക്കാരത്തിന് അർഹമാക്കിയത്. കാസ്പ് രൂപീകരിച്ചശേഷം ഇതിനകം 43.4 ലക്ഷം ക്ലെയിമുകൾ ലഭ്യമാക്കിയതിലൂടെ 1636.07 കോടി രൂപ കേരളം ചെലവഴിച്ചു. നിലവിൽ കേരളത്തിൽ 200 സർക്കാർ ആശുപത്രികളിലും 544 സ്വകാര്യ ആശുപത്രികളിലും പദ്ധതിയുടെ സേവനം ലഭ്യമാണ്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി പരമാവധി പേർക്ക് ചികിത്സാ സഹായം നൽകാനാണ് സംസ്ഥാനം ശ്രമിക്കുന്നതെന്ന് ആരോഗ്യമന്ത്രി വീണ ജോർജ് പറഞ്ഞു. ചികിത്സാസഹായത്തിന് സംസ്ഥാനം നടത്തിയ മികച്ച പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണിത്.

കാസ്പ് പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിൽ രൂപീകരിച്ച സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (എസ്എച്ച്എ) സ്വകാര്യ ആശുപത്രികളെകൂടി പങ്കെടുപ്പിച്ച് ചികിത്സ ഏകോപിപ്പിക്കുന്നതിൽ വലിയ പങ്കാണ് വഹിച്ചതെന്നും മന്ത്രി പറഞ്ഞു. സംസ്ഥാന ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കേരള എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. രത്തൻ ഖേൽക്കർ എന്നിവരും അവാർഡ്ദാന ചടങ്ങിൽ പങ്കെടുത്തു.

# ആരോഗ്യകിരണം സേവനം ഇനി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലൂടെ

ആരോഗ്യ കിരണം
18 വയസ്സുവരെയുള്ള കുട്ടികൾക്കായി സൗജന്യ സമഗ്ര ആരോഗ്യ പദ്ധതി

**എ.**പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ 18 വയസ്സുവരെയുള്ള കുട്ടികളുടെ സമഗ്ര ആരോഗ്യസംരക്ഷണത്തിനുള്ള സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തുന്ന ആരോഗ്യകിരണം പദ്ധതിയുടെ സേവനങ്ങൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലൂടെ ലഭ്യമാക്കും. നാഷണൽ ഹെൽത്ത് മിഷൻ മുഖാന്തരമാണ് പദ്ധതി നടപ്പാക്കിവന്നത്. 2022 നവംബർ ഒന്നു മുതൽ ആചുമതല സ്റ്റേറ്റ് ഹെൽത്ത് ഏജൻസി നിർവഹിക്കും

രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (RBSK) പദ്ധതി പ്രകാരം ചികിത്സ സഹായം ലഭിക്കുന്ന 30 ഇനം രോഗങ്ങൾ ഒഴികെയുള്ള എല്ലാ രോഗങ്ങൾക്കും (മരുന്നുകൾ, പരിശോധനകൾ, ചികിത്സകൾ (OP/IP)ആരോഗ്യകിരണം പദ്ധതിയിലൂടെ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും സൗജന്യമായി ലഭിക്കും. ആശുപത്രിയിൽ ലഭ്യമല്ലാത്തവ ആശുപത്രിയുമായി എംപാനൽ ചെയ്തിട്ടുള്ള തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തികച്ചും സൗജന്യമായി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കും. ഒ.പി സേവനങ്ങൾക്കായി പ്രത്യേകം പോർട്ടലും ഐപി സേവനങ്ങൾക്ക് AB-PMJAY TMS പോർട്ടലുമാണ് ഉപയോഗിക്കുക.




## പത്രാധിപ സമിതി

ചീഫ് എഡിറ്റർ:
**ഡോ രത്തൻ യു കേൽക്കർ IAS**
(എക്സിക്യൂട്ടീവ് ഡയറക്ടർ )

എഡിറ്റർ :
**ലത്തീഫ് സി**
(മാനേജർ-ഐ.ഇ.സി & സി.ബി)

അസി എഡിറ്റർ:
**വിപിൻ വി**
(എക്സിക്യൂട്ടീവ് - ഐ.ഇ.സി & സി.ബി)

***അംഗങ്ങൾ***
**ഡോ ബിജോയ് ഇ**
(ജോയ്ന്റ് ഡയറക്ടർ - ഓപ്പറേഷൻസ്)

**അനിൽകുമാർ കെ**
(ജോയ്ന്റ് ഡയറക്ടർ - ഫിനാൻസ് ആൻഡ് അഡ്മിനിസ്ട്രേഷൻ)

**ഡോ. അനൂപ് റസാഖ്**
(ജോയ്ന്റ് ഡയറക്ടർ - മെഡിക്കൽ )

കൺസൽട്ടിങ് എഡിറ്റർ:
**അജിത് വെണ്ണിയൂർ**


## കമ്മ്യൂണിറ്റി റേഡിയോയിലൂടെ കാരുണ്യ സാധാരണ ജനങ്ങളിലേക്ക്



**തൃ**ശ്ശൂർ: കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയെകുറിച്ചുള്ള അവബോധം കമ്മ്യൂണിറ്റി റേഡിയോയിലൂടെ സാധാരണ ജനങ്ങളിലേക്ക് എത്തിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി 'ഹലോ റേഡിയോ' വഴി ഒക്ടോബർ ഒന്നിന് രാവിലെ 11.00 മണിക്ക് ഒരു ബോധവൽക്കരണ പരിപാടി പ്രക്ഷേപണം ചെയ്തു. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി തൃശ്ശൂർ ജില്ലാ കോ-ഓർഡിനേറ്റർ റെനി കുര്യാക്കോസാണ് പരിപാടി നയിച്ചത്.

# അഞ്ചു വയസ്സുകാരിക്ക് ഹൃദയശസ്ത്രക്രിയയിലൂടെ പുനർജ്ജന്മം



ഹൃദയത്തകരാറുള്ള അഞ്ചു വയസ്സുകാരിക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ തലശ്ശേരി ഇന്ദിരാഗാന്ധി മെട്രോ കാർഡിയാക് സെന്ററിൽ വിജയകരമായ ശസ്ത്രക്രിയ.

ജന്മനാലുള്ള അട്രിയൽ സെപ്ടൽ ഡിഫക്റ്റ് (ASD) എന്ന രോഗമായിരുന്നു കുട്ടിക്ക്. ഹൃദയത്തിന്റെ നാല് അറകളിൽ മുകളിലത്തെ അറകൾക്ക് ഇടയിലുള്ള ഹൃദയഭിത്തികളിൽ ദ്വാരങ്ങൾ ഉണ്ടാകുന്ന അവസ്ഥയാണിത്. കേരളത്തിൽ ചുരുക്കം ചില ആശുപത്രികളിൽ മാത്രമേ കുട്ടികളിലെ ഇത്തരം ഹൃദ്രോഗങ്ങൾക്കുള്ള ശസ്ത്രക്രിയാസൗകര്യമുള്ളൂ. കോഴിക്കോട് മെട്രോമെഡ് ഇൻറർനാഷണൽ കാർഡിയാക് സെന്ററിലെ ബാലഹൃദ്രോഗ വിദഗ്ധരായ ഡോ കമ്രാൻ, ഡോ ജനീൽ മുസ്തഫ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് ശസ്ത്രക്രിയ വിജയകരമായി നടത്തിയത്.

ചെലവേറിയ ഇത്തരം ചികിത്സാ രീതികൾ സാധാരണക്കാർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ സംയുക്ത പദ്ധതിയായ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ സങ്കീർണമായ ഇത്തരം ശസ്ത്രക്രിയകളുടെ ചെലവുകളും ഉൾപ്പെടുത്തിയത്.

**കൃഷ്ണകാന്ത് ബി.**
മാനേജർ, മെട്രോമെഡ് ഇന്റർനാഷണൽ
കാർഡിയാക് സെന്റർ, തലശ്ശേരി ബ്രാഞ്ച്

# പട്ടികവർഗ്ഗക്കാർക്ക് ആധികാരിക രേഖകളും
# കാരുണ്യ ആരോഗ്യ സുരക്ഷാ കാർഡും




ഇടുക്കി ജില്ലയിൽ പട്ടികവർഗത്തിൽപ്പെട്ട എല്ലാവർക്കും ആധികാരിക രേഖകൾ നൽകി ഡിജിറ്റൽ ലോക്കറിൽ സൂക്ഷിക്കാൻ അവസരം ഒരുക്കുന്ന അക്ഷയ ബിഗ് ക്യാമ്പയിൻ ഫോർ ഡോക്യുമെന്റേഷ (ABCD)ന്റെ ഭാഗമായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിയെപ്പറ്റി ബോധവൽക്കരണം നടത്തി. പദ്ധതിയുടെ ആനുകൂല്യങ്ങൾക്കർഹരായവർക്ക് കാർഡ് പുതുക്കി നൽകുകയും ചെയ്തു.

മാങ്കുളം പഞ്ചായത്തിൽ നവംബർ 10, 11 തീയതികളിൽ നടന്ന എബിസിഡി ക്യാമ്പ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജിജി കെ ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. മാങ്കുളം പഞ്ചായത്ത് പ്രസിഡന്റ് വിനീത സജീവൻ, ദേവികുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആനന്ദറാണി ദാസ്, ജില്ലാ പഞ്ചായത്ത് അംഗം അഡ്വക്കേറ്റ് എം ഭവ്യ, ദേവികുളം സബ് കളക്ടർ രാഹുൽ കൃഷ്ണ ശർമ്മ ഐ.എ.എസ്, ജനപ്രതിനിധികൾ, വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

പട്ടികവർഗ്ഗവകുപ്പ്, തദ്ദേശഭരണവകുപ്പ്, അനുബന്ധ വകുപ്പുകൾ, അക്ഷയ, എന്നിവയുടെ സഹകരണത്തോടെ ഇടുക്കി ജില്ലാ ഭരണകൂടം ആവിഷ്ക്കരിച്ച പദ്ധതിയാണ് എബിസിഡി. വിവിധ കാരണങ്ങളാൽ രേഖകൾ നഷ്ടപ്പെട്ടവർക്കും രേഖകൾ ഇല്ലാത്തവർക്കും വിവിധ സർക്കാർ സേവനങ്ങൾ ലഭിക്കാതെ വരുന്ന സാഹചര്യം ഒഴിവാക്കുകയാണ് ലക്ഷ്യം.

അടിമാലി, നെടുങ്കണ്ടം താലൂക്ക് ആശുപത്രികളുടെ സഹകരണത്തോടെ പുതുക്കിയ കാരുണ്യ ആരോഗ്യ സുരക്ഷാ കാർഡുകളുടെ വിതരണോദ്ഘാടനം മാങ്കുളം ഗ്രാമപഞ്ചായത്തിൽ ദേവികുളം സബ്കളക്ടർ രാഹുൽകൃഷ്ണ നിർവഹിച്ചു. ജില്ല മെഡിക്കൽ ഓഫീസർ ഡോ. സുരേഷ് വർഗ്ഗീസ്, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ജില്ലാ കോഓർഡിനേറ്റർ റോജിത് മാത്യു എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. പി.ആർ.ഒ മാരായ ജോജി, ടോണി, മനോജ് ആരോഗ്യമിത്രമാരായ സോളി കുര്യച്ചൻ, ഷീല, സോളി തുടങ്ങിയവർ പങ്കെടുത്തു

# തിരൂർ ജില്ലാ ആശുപത്രിയിൽ ഗ്യാസ്ട്രോ എൻട്രോളജി വിഭാഗം

കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതിയുടെയും മലപ്പുറം ജില്ലാ പഞ്ചായത്തിന്റെയും ഫണ്ടുപയോഗിച്ച് തിരൂർ ജില്ലാ ആശുപത്രിയിൽ ആരംഭിച്ച ജില്ലയിലെ ആദ്യ ഗ്യാസ്ട്രോ എൻട്രോളജി വിഭാഗം എട്ടുമാസം പിന്നിടുമ്പോഴേക്കും പാവപ്പെട്ട അനേകം രോഗികൾക്ക് ആശ്വാസമാകുന്നു.

2022 ഫെബ്രുവരി ഏഴിന് മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് എം.കെ റഫീഖ് ഉദ്ഘാടനം ചെയ്ത ഈ വിഭാഗത്തിൽ എൻഡോസ്കോപ്പി സജ്ജീകരണത്തിലൂടെ 700ലധികം രോഗികൾക്ക് ഇതിനകം എൻഡോസ്കോപ്പി ചെയ്തു. അഞ്ചുമാസത്തിനിടെ അറുന്നൂറോളം ഫൈബ്രോ സ്കാനുകളും നടത്തി. സ്വകാര്യ ആശുപത്രികളിൽ വൻ തുക ഈടാക്കുന്ന ഈ പരിശോധനകൾ വളരെ കുറഞ്ഞ ചെലവിലാണ് ജില്ലാ ആശുപത്രിയിൽ നടക്കുന്നത്.

ഇതുവരെ നടത്തിയ 357 ബയോപ്സികളിൽ 17 കാൻസർ രോഗികളെ കണ്ടെത്താനായി. അവരെ വിദഗ്ധ ചികിത്സയ്ക്കായി വിവിധ സ്പെഷ്യാലിറ്റി ആശുപത്രികളിലേക്ക് റഫർ ചെയ്തു. ഇവരിൽ പലരും ഇന്ന് തിരൂർ ജില്ലാ ആശുപത്രിയിൽ തുടർചികിത്സയിലാണ്.

നിലവിൽ ചൊവ്വ, വ്യാഴം ദിവസങ്ങളിലാണ് ഡോ. മുരളികൃഷ്ണന്റെ നേതൃത്വത്തിൽ ഗ്യാസ്ട്രോ എൻട്രോളജി ഒ.പി ഉള്ളത്. മറ്റു ദിവസങ്ങളിൽ



എൻഡോസ്കോപ്പി (Oesophago Gastro Duodenoscopy, Flexible Sigmoidoscopy, Colonoscopy) പരിശോധനകൾ, അന്നനാളത്തിലെ ആന്തരിക രക്തസ്രാവം തടയുന്ന സ്ക്ലീറോതെറാപ്പി, ഫൈബ്രോ സ്കാൻ, ഫൈബ്രോ ടച്ച് എന്നീ സേവനങ്ങൾ ഉണ്ടായിരിക്കും. എല്ലാ ശനിയാഴ്ചകളിലും നാഷണൽ വൈറൽ ഹെപ്പറ്റൈറ്റിസ് കൺട്രോൾ പ്രോഗ്രാമിന്റെ ഭാഗമായുള്ള പരിശോധനകളും നടന്നുവരുന്നു.

തിരൂർ ജില്ലാ ആശുപത്രി സൂപ്രണ്ട് ഡോ.ബേബി ലക്ഷ്മി മുൻകൈയെടുത്താരംഭിച്ച ഗ്യാസ്ട്രോ എൻട്രോളജി വിഭാഗത്തിൽ വകുപ്പ് മേധാവി ഡോ. മുരളികൃഷ്ണനുപുറമേ ഒരോ എൻഡോസ്കോപ്പി ടെക്നീഷ്യനും ഒരോ നഴ്സിംഗ് ഓഫീസറും ഒരോ നഴ്സിംഗ് അസിസ്റ്റന്റും ആണ് നിലവിലുള്ളത്.

**ഡോ. ബേബി ലക്ഷ്മി കെ ആർ**
ഡെപ്യൂട്ടി ഡയറക്ടർ & സൂപ്രണ്ട്
ജനറൽ ഹോസ്പിറ്റൽ തിരൂർ

# അന്നക്കുട്ടിക്ക് ഇനി ഓടിനടക്കാം, ആത്മവിശ്വാസത്തോടെ

വയനാട് വരായാൽ സ്വദേശിനിയാണ് 70 വയസ്സുള്ള അന്നക്കുട്ടി. ഭർത്താവും രണ്ടുപെൺകുട്ടികളുമടങ്ങുന്ന ചെറിയ കുടുംബം. കൃഷിപ്പണിയാണ് പ്രധാന വരുമാന മാർഗം.

ഒരു ദിവസം പശുവിനെ കറന്നു കൊണ്ടിരിക്കുമ്പോൾ പെട്ടന്ന് കാലുകൾ തളർന്നു പോകുന്നപോലെ തോന്നി. മക്കൾ അവരെ പെട്ടന്ന് തൊട്ടടുത്ത ആശുപത്രിയിലെത്തിച്ചു. പ്രഥമശുശ്രൂഷയ്ക്കുശേഷം മെഡിക്കൽ കോളേജിലേക്ക് റെഫർ ചെയ്തു.

പരിശോധനകൾക്കൊടുവിൽ കാൽ മുട്ട് മാറ്റിവെക്കണം എന്ന നിഗമനത്തിൽ ഡോക്ടർമാർ എത്തി. അതിനുള്ള പണം കണ്ടെത്താനാവാതെ ആ നിർധന കുടുംബം വിഷമിച്ചുനിൽക്കുമ്പോഴാണ് ആശ പ്രവർത്തക ആശ്വാസകരമായ വിവരവുമായി ആ വീട്ടിലേക്ക് കടന്നുവന്നത്.

മാനന്തവാടിയിലെ ഒരു സ്വകാര്യ ആശുപത്രിയിൽ മുട്ട് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഉണ്ടെന്നും അവിടെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി സൗജന്യമായി ശസ്ത്രക്രിയ ചെയ്യാമെന്നും അവരിൽ നിന്ന് അറിഞ്ഞതോടെ അന്നമ്മയെ ആ ആശുപത്രിയിലേക്ക് മാറ്റി.

കാരുണ്യ സൗജന്യ ചികിത്സാപദ്ധതിക്ക് തങ്ങൾ അർഹരാണെന്ന് അവർ അറിഞ്ഞതപ്പോഴാണ്. അവിടെ പുതിയ കാർഡെടുത്ത് കഴിഞ്ഞ മെയ് 20 ന് ശസ്ത്രക്രിയ നടത്തി. മുട്ടുകാൽ മാറ്റിവെച്ച അന്നക്കുട്ടി പുതിയപ്രതീക്ഷകളോടെ സാധാരണ ജീവിതത്തിലേക്ക് മടങ്ങി. ചെറിയ ജോലികൾ ചെയ്ത്



ഇന്നവർ സസന്തോഷം കുടുംബം പുലർത്തുന്നു. കാസ്പ് ആരോഗ്യ ഇൻഷുറൻസിൽ ഉൾപ്പെടുത്തി ആ ആശുപത്രിയിൽ ചെയ്ത ആദ്യ മുട്ട് മാറ്റി വയ്ക്കൽ ശസ്ത്രക്രിയയാണിത്.

**വിപിൻ മാത്യു**
ജില്ല പ്രോജക്റ്റ് കോർഡിനേറ്റർ
വയനാട്

# സങ്കീർണതകളിലും കൈവിടാത്ത കാരുണ്യം



**ജ**ന്മനാ ഹീമോഫീലിയ രോഗത്താൽ ബുദ്ധിമുട്ടുന്ന 42 കാരനാണ് ഞാൻ. എന്റെ വീട്ടിൽ 11 പേരാണ് ഈ രോഗത്തിന് വിധേയരായിട്ടുള്ളത്. അതിലൊരാൾ കുറച്ചുനാൾ മുമ്പ് മരിക്കുകയും ചെയ്തു. ഇടയ്ക്ക് ഞാൻ ജോലിക്കായി ഗൾഫിൽ പോയിരുന്നു. എന്നാൽ ഹീമോഫീലിയ രോഗത്തിന് ഉപയോഗിക്കേണ്ട ഫാക്ടർ ചികിത്സ അവിടെ കൃത്യമായി ലഭിക്കാത്തതിനാൽ തിരികെ പോരേണ്ടി വന്നു.

അടുത്തയിടെ എനിക്ക് കാൽമുട്ട് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ അനിവാര്യമായി വന്നു. ഹിമോഫീലിയ രോഗമുള്ളതിനാൽ അതിസങ്കീർണമായ ശസ്ത്രക്രിയ വേണ്ടിവരും എന്ന് ഡോക്ടർമാർ അറിയിച്ചു.

എറണാകുളത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ അത് ചെയ്യാമെന്ന് പറഞ്ഞു. എന്നാൽ അവർ അതിനു കണക്കാക്കിയ ചെലവ് എനിക്ക് താങ്ങാവുന്നതായിരുന്നില്ല. ഞാൻ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ചികിത്സാ ചെലവിന്റെ കാര്യം എന്നെ വല്ലാതെ അലട്ടുന്നുണ്ടായിരുന്നു.

> *അവർ അതിനു കണക്കാക്കിയ ചെലവ് എനിക്ക് താങ്ങാവുന്നതായിരുന്നില്ല. ഞാൻ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ചികിത്സാചെലവിന്റെ കാര്യം എന്നെ വല്ലാതെ അലട്ടുന്നുണ്ടായിരുന്നു*



ആ സാഹചര്യത്തിലാണ് ഞാൻ ഹീമോഫിലിയ സംസ്ഥാന നോഡൽ ഓഫീസർ ഡോ. ശ്രീഹരിയെ സമീപിച്ചത്. കേരളത്തിൽ ഏതാണ്ട് 1600ലധികം ഹീമോഫിലിയ രോഗികളുണ്ട്. എല്ലാവർക്കും ഇത്തരത്തിൽ പല പ്രശ്നങ്ങളും നേരിടേണ്ടി വരാറുണ്ട്. ശ്രീഹരി സാർ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ ജോയിന്റ് ഡയറക്ടർ ഡോ. ബിജോയ് സാറിനോട് കാര്യം അവതരിപ്പിച്ചു. ഒരു ഒഴിവുകഴിവും പറയാതെ അവർ കൂടിയാലോചിച്ച് അതിനും പോംവഴി കണ്ടു. കടമ്പകൾ പലതു കടന്ന് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്ന് ആനുകൂല്യം ലഭ്യമാക്കി. കോഴിക്കോട് മെഡിക്കൽ കോളേജിൽ സൗജന്യ ശസ്ത്രക്രിയയ്ക്ക് ഏർപ്പാടും ചെയ്തു.

പതിനാറാം വയസ്സിൽ ഒന്ന് വീണതിനെത്തുടർന്നുണ്ടായ പരിക്കുകൾക്കും ദീർഘനാളത്തെ വേദനയ്ക്കും ഇതോടെ പരിഹാരമായി.

കോഴിക്കോട് മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ. ശ്രീജയൻ, ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ ഡോ. അനീൻ എൻ. കുട്ടി, ഹെമറ്റോളജി വിഭാഗത്തിലെ ഡോ. ഹിത ദിൽജിത്ത്, ഓർത്തോപീഡിക്സ്, ഹെമറ്റോളജി, ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ വിഭാഗങ്ങളിലെ വിദഗ്ധർ, എന്നെ വളരെ കരുതലോടെ ശുശ്രൂഷിച്ച നെഴ്സുമാർ, ആശുപത്രിയിലെ മറ്റ് ജീവനക്കാർ.... അങ്ങനെ വലിയൊരു സംഘത്തിന്റെ പരിചരണയിലാണ് ഞാൻ സാധാരണ ജീവിതത്തിലേക്ക് മടങ്ങിയത്.

സർക്കാർ ആശുപത്രിയിൽ നിന്നു ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചുള്ള മുൻവിധിയും പൊതുധാരണകളും പാടെ തിരുത്തുന്നതായിരുന്നു മെഡിക്കൽ കോളേജിലെ എന്റെ അനുഭവപാഠം.

**ഫിറോസ് ടി പി**
ഖദീജ മഹൽ
ഇടയനാട് പി ഓ, കണ്ണൂർ

**ചോദിക്കൂ, പറയാം** — ഗുണഭോക്താക്കളുടെ സംശയങ്ങളും മറുപടിയും

# ആരോഗ്യകിരണം പദ്ധതി എന്ത്, ആർക്കെല്ലാം?

## പദ്ധതി എന്ത്, സഹായം എന്തൊക്കെ ?

18 വയസ്സു വരെയുള്ള കുട്ടികളുടെ സമഗ്ര ആരോഗ്യസംരക്ഷണത്തിനുള്ള സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പു വരുത്തുന്ന പദ്ധതിയാണ് ആരോഗ്യകിരണം. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (RBSK) ൽ ലഭിക്കുന്ന 30 ഇനം രോഗങ്ങൾ ഒഴികെയുള്ള എല്ലാ രോഗങ്ങൾക്കും ആരോഗ്യകിരണം പദ്ധതിയിലൂടെ ചികിത്സ സഹായം ലഭിക്കും. എ.പി.എൽ/ ബി.പി.എൽ വ്യത്യാസമില്ലാതെയാണ് പരിഗണന. ഈ പദ്ധതിയിലൂടെ മരുന്നുകൾ, പരിശോധനകൾ, ചികിത്സകൾ എന്നിവ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും സൗജന്യമായി ലഭിക്കും. ആശുപത്രിയിൽ ലഭ്യമല്ലാത്തവ ആശുപത്രിയുമായി എംപാനൽ ചെയ്തിട്ടുള്ള തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തികച്ചും സൗജന്യമായി ഗുണഭോക്താക്കൾക്ക് ലഭ്യമാകും

## ഗുണഭോക്താക്കൾ ആരെല്ലാം ?

- ഒരു വയസ്സു മുതൽ 18 വയസ്സു വരെ പ്രായമുള്ള കുട്ടികൾ.
- മാതാപിതാക്കൾ കേന്ദ്ര - സംസ്ഥാന സർക്കാർ ജീവനക്കാരോ, ആദായനികുതി ദായകരോ ആകാൻ പാടില്ല.
- ഒരു വയസ്സുവരെയുള്ള കുട്ടികളുടെ ചികിത്സ JSSK (ജനനി ശിശു സുരക്ഷാ കാര്യക്രം) സ്കീമിൽ ഉൾപ്പെടുന്നതാണ്.

## പദ്ധതിയിലൂടെ ലഭിക്കുന്ന സഹായങ്ങൾ

രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (RBSK) പദ്ധതി പ്രകാരം ചികിത്സ സഹായം ലഭിക്കുന്ന 30 ഇനം രോഗങ്ങൾ ഒഴികെയുള്ള എല്ലാ രോഗങ്ങൾക്കും (മരുന്നുകൾ, പരിശോധനകൾ, ചികിത്സകൾ (OP/IP) ) ആരോഗ്യകിരണം പദ്ധതിയിലൂടെ ചികിത്സ സഹായം ലഭിക്കും. 2022 നവംബർ 1 മുതൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴിയാണ് പദ്ധതി നടപ്പാക്കുന്നത്.

## IT സൗകര്യങ്ങൾ

OP സേവനങ്ങൾക്കായി പ്രത്യേകം OP പോർട്ടലും IP സേവനങ്ങൾക്കായി AB-PMJAY TMS പോർട്ടലുമാണ് ഉപയോഗിക്കുന്നത്. ഗുണഭോക്താവ് ചികിത്സയ്ക്കായി ആശുപത്രിയെ സമീപിക്കുമ്പോൾ ആദ്യം ആ കുടുംബം AB-PMJAY പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നും കേന്ദ്ര സംസ്ഥാന സർക്കാർജീവനക്കാരോ, ആദായനികുതിദായകരോ ആണോ എന്നും പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷം ആരോഗ്യകിരണം സ്കീമിൽ ഉൾപ്പെടുത്തുന്നതാണ്.

## ഗുണഭോക്താക്കളുടെ വിവരങ്ങൾ ശേഖരിക്കുന്ന വിധം

OP പോർട്ടൽ തയ്യാറാകുന്നതുവരെ OP സേവനങ്ങളുടെ വിവരശേഖരണം സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ജില്ലാ കോർഡിനേറ്റർ തയ്യാറാക്കി ലഭ്യമാക്കിയ എക്സൽ ഷീറ്റിലായിരിക്കും. നവംബർ 6 മുതലുള്ള വിവരങ്ങൾ എക്സലിൽ ഉൾപ്പെടുത്താവുന്നതാണ്. എക്സൽ ഷീറ്റിന്റെ മാതൃക താഴെ പറയും പ്രകാരമാണ്.


**ഒ.പി. ഡേറ്റാ കളക്ഷൻ ഫോം**

| | Name of Hospital : CHC Azhikode | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | Cost Incurred | | | |
| Name of Hospital | Sl.No. | Date | Name of the patient | Age | Mobile Number of parent/beneficiary | Relation ship with beneficiary | Ration card No | Priovisional diagonosis | Laboratry Diagnostics | Radiolgical investgations | Medicine | Miscellaneous |
| | | | 0 | | | | | | 0 | 0 | 0 | 0 |
| CHC Azhikode | 1 | 01-11-2022 | | | | | | | | | | |


രോഗി ഇൻപേഷ്യന്റ് ആണെങ്കിൽ AB-PMJAY TMS പോർട്ടലിൽ താഴെപറയും പ്രകാരമാണ് സൗജന്യ ചികിത്സ ലഭ്യമാക്കുന്നത്.

I. PMJAY യിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികൾ ഇനി പറയുന്ന TMS ലോഗിനിൽ https://tms.pmjay.gov.in/OneTMS/loginnew.htm PMAM/Medco യുടെ User Credential ഉപയോഗിച്ച് ലോഗിൻ ചെയ്യുക ചിത്രം 1 ൽ കാണുന്നതുപോലെ (PMAM/Medco) Non PMJAY എന്നതിൽ ക്ലിക്ക് ചെയ്യുക. ഇടതുവശത്തെ ബാറിൽ രജിസ്ട്രേഷൻ ഓപ്ഷനിൽ ക്ലിക്ക് ചെയ്യുമ്പോൾ, രോഗിയുടെ രജിസ്ട്രേഷൻ ഫോം പ്രദർശിപ്പിക്കും. ഉപയോക്താവ് (PMAM/Medco) ഗുണഭോക്താവിന്റെ എല്ലാ നിർബന്ധിത വിവരങ്ങളും പൂരിപ്പിച്ച് അപ്‌ലോഡ് ചെയ്യണം.


**ചിത്രം 1**



II. ചിത്രം 2-ൽ കാണുന്നതുപോലെ ഗുണഭോക്താവിനെ OTP ഉപയോഗിച്ച് രജിസ്ട്രേഷർ ചെയ്യാവുന്നതാണ്. സ്ക്രീനിൽ തെളിഞ്ഞു വരുന്ന പോപ്പ് – അപ് കോളത്തിൽ കമ്മ്യൂണിക്കേഷൻ വിലാസത്തിൽ നൽകിയ മൊബൈൽ നമ്പർ ടൈപ്പ് ചെയ്യുക. ആ നമ്പരിൽ വരുന്ന OTP നൽകി ഗുണഭോക്താവിനെ രജിസ്ട്രർ ചെയ്യാവുന്നതാണ്.




ചിത്രം 2





III. ചിത്രം 3-ൽ കാണുന്നതുപോലെ രോഗിയുടെ രജിസ്ട്രേഷൻ പൂർത്തീകരിച്ചു കഴിഞ്ഞാൽ സ്ക്രീനിൽ നീല നിറത്തിലുള്ള ശരി ചിഹ്നം കാണാവുന്നതാണ്.

ചിത്രം 3

IV. ആരോഗ്യകിരണം പദ്ധതിക്ക് അർഹരായ എല്ലാ ഗുണഭോക്താക്കളെയും Non PM JAY ആയിട്ടാണ് TMS-ൽ രജിസ്ട്രർ ചെയ്യേണ്ടത്. ചിത്രം 4-ൽ കാണിച്ചിരിക്കുന്നതുപോലെ രജിസ്ട്രേഷൻ ഫോമിൽ പൂർത്തിയാക്കിയ വിവരങ്ങൾ PMAM/ Medco എന്നിവർക്ക് സ്ക്രീനിൽ കാണാവുന്നതാണ്.

ചിത്രം 4





V. ചിത്രം 5-ൽ കാണിച്ചിരിക്കുന്നതുപോലെ രജിസ്ട്രേഷൻ പൂർത്തീകരിച്ചാൽ Medco യ്ക്ക് Pre-auth Initiation ചെയ്യാവുന്നതാണ് Pre-auth Initiation ചെയ്യുമ്പോൾ രോഗിയെ ഇൻപേഷ്യന്റ് ആയിട്ടാണ് കാണിക്കേണ്ടത്. TMS-ൽ ചിത്രം 5-ൽ കാണുന്നതുപോലെ രോഗ നിർണയ വിവരങ്ങൾ STG, Admission details എന്നിവ നൽകുക. സ്വയം സാക്ഷ്യപ്പെടുത്തിയ സാക്ഷ്യപത്രം (രോഗിയുടെ അച്ഛൻ, അമ്മ, സംരക്ഷകൻ).


ചിത്രം 5

VI. ചിത്രം 6-ൽ കാണുന്നതുപോലെ തിരഞ്ഞെടുത്ത് പാക്കേജിൽ Stratification നൽകിയിട്ടുണ്ട് എങ്കിൽ ആവശ്യമായ വിവരങ്ങൾ നൽകുക.





ചിത്രം 6

VII. ചിത്രം 7–ൽ കാണുന്നതുപോലെ രോഗനിർണയ വിവരങ്ങളും ചികിത്സ Protocol Enter കഴിഞ്ഞാൽ പേഷ്യന്റിന്റെ ഫോട്ടോയും മറ്റു അനുബന്ധ രേഖകളും സമർപ്പിക്കാവുന്നതാണ്.




ചിത്രം 7




VIII. ചിത്രം 8–ൽ കാണുന്നതുപോലെ Preauth Initiation ബട്ടണിൽ ക്ലിക്ക് ചെയ്തു കഴിഞ്ഞാൽ ശരി ചിഹ്നം സ്ക്രീനിൽ കാണാവുന്നതാണ്.

ചിത്രം 8

IX. ചിത്രം 9–ൽ കാണുന്നതുപോലെ Pre-auth രജിസ്ട്രേഷൻ approval ആയാൽ Medco യ്ക്ക് സ്ക്രീനിൽ Pre-auth registration has been approved എന്ന സന്ദേശം കാണാവുന്നതാണ്.




ചിത്രം 9

X. രോഗിയുടെ ഡിസ്ചാർജ്ജ് നടപടികൾ KASP ഗുണഭോക്താവിനെ ഡിസ്ചാർജ്ജ് ചെയ്യുന്ന അതേ മാതൃകയിലാണ്.

**പദ്ധതിക്ക് സഹായം ലഭിക്കുന്നതിനായി സമർപ്പിക്കേണ്ട രേഖകൾ**

a) രോഗിയുടെ മാതാവ്/പിതാവ് (രക്ഷകർത്താവ്) സ്വയം ഒപ്പിട്ട് സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന.

b) സത്യപ്രസ്താവനയുടെ മാതൃക ആശുപത്രി കിയോസ്കിൽ നിന്നും ലഭ്യമാകുന്നതാണ്.

**ആരോഗ്യകിരണം പദ്ധതി വഴി ഒ.പി ചികിത്സയ്ക്കായി ആശുപത്രികൾ ചെലവിട്ട പണം ഏത് രീതിയിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയോട് ആവശ്യപ്പെടാം ?**

ഓരോ മാസവും പദ്ധതിക്ക് കീഴിൽ ഒ.പി.യിൽ വരുന്ന ചെലവ് ആശുപത്രികൾ U C (Utilization Certificate), ഗുണഭോക്തൃപട്ടിക എന്നിവ സഹിതം എല്ലാ മാസവും അഞ്ചാം തീയതിക്ക് മുൻപ് എസ്.എച്ച് .എ ജില്ലാ കോർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്. അതിനുശേഷം സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ആ തുക അതാത് ആശുപത്രികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകും. I P യിൽ വരുന്ന ചെലവ് AB-PMJAY TMS പോർട്ടലിൽ നിഷ്കർഷിച്ചിട്ടുള്ള Workflow അനുസരിച്ച് ആശുപത്രികളുടെ ബാങ്ക് അക്കൗണ്ടിലേക്കും നൽകും

**ആരോഗ്യകിരണം പദ്ധതിയിലൂടെ High-end Procedure - അംഗീകാരം നൽകുന്നത് എങ്ങനെ ?**

NHM/517/DEO(RBSK)/2019SPMSU. Dated 29/04/2019 ഉത്തരവ് പ്രകാരം ജില്ലാതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആശുപത്രികൾ 2.5 മുതൽ 30 ലക്ഷം രൂപ വരെ ചെലവ് വരുന്ന High-end procedure കൾ ജില്ലാതല ആരോഗ്യകിരണം കമ്മിറ്റിക്ക് നിശ്ചിത ഫോറത്തിൽ നൽകേണ്ടതാണ്. ജില്ലാതല ആരോഗ്യകിരണം കമ്മിറ്റി അപേക്ഷകൾ പരിശോധിച്ച് ശുപാർശ സഹിതം സംസ്ഥാനതല കമ്മിറ്റിക്ക് സമർപ്പിക്കണം. ഈ ശുപാർശ സംസ്ഥാനതല കമ്മിറ്റി പരിശോധിച്ച്, എസ്.എച്ച് .എ ജില്ലാ കോർഡിനേറ്റർ മുഖാന്തരം അതാത് ആശുപത്രികൾ തുടർനടപടികൾ കൈക്കൊള്ളുന്നതിനായി വിവരം കൈമാറുന്നതാണ്.

**ആരോഗ്യകിരണം മുഖേന സഹായം ലഭ്യമാകുന്ന ആശുപത്രികൾ ഏതെല്ലാമാണ് ?**

എല്ലാ സർക്കാർ ആശുപത്രികളും (PHC,CHC,DH,GH) മുഖാന്തരം ആരോഗ്യകിരണം പദ്ധതി വഴിയുള്ള സഹായം ലഭ്യമാക്കാവുന്നതാണ്.

**ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ?**

ആരോഗ്യകിരണം പദ്ധതി വഴി ധനസഹായം നൽകുന്നതിന്റെ UC സഹായം ലഭിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ സംസ്ഥാന സർക്കാരിന് നൽകേണ്ടതുണ്ട്. സർക്കാർ ഇത് ഒരു ബെയ്സ് ഡേറ്റ ആയി പരിഗണിക്കുന്നതുവഴി ഈ പദ്ധതിയിൽ വകയിരുത്തേണ്ട തുക കണക്കാക്കുന്നതിൽ സഹായകമാകുന്നതാണ്. തെറ്റായ വിവരങ്ങൾ നൽകിയാൽ സഹായം ലഭിച്ച മുഴുവൻ തുകയും തിരിച്ചടയ്ക്കേണ്ടതാണ്.

**മാതാപിതാക്കൾ KASP-ൽ ഗുണഭോക്താക്കളും കുട്ടി KASP-ൽ രജിസ്ട്രർ ചെയ്തിട്ടില്ലെങ്കിൽ എന്താണ് ചെയ്യേണ്ടത് ?**

മാതാപിതാക്കൾ AB - PM JAY KASP ൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ കുട്ടിയുടെ വിവരങ്ങൾ BIS ൽ Add Member option വഴി KASP പദ്ധതിയിൽ ചേർക്കാവുന്നതാണ്.

Edited and published by Dr. Rathan U Kelkar IAS, Executive Director, State Health Agency for and on behalf of State Health Agency, Department of Health and Family Welfare, Government of Kerala. Editor: C Latheef. Design and layout: Arun. V. Dev (Devgraph) #9961213370
(For Private Circulation only)